കേരള സർക്കാർ

<u>സംഗ്രഹം</u>

മത്സ്യബന്ധന വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്ത് വാർഡ് 15-ൽ ഉൾപ്പെട്ട "വെട്ടുതുറ സെന്റ് ആൻഡ്രൂസ് റോഡ് പുത്തൻതോപ്പ് മുതൽ വടക്കോട്ട് ബീച്ച് റോഡ്" എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)No.66/2026/F&PD** **Dated,27/01/2026**

എ.എസ് നമ്പർ : AS/FSH/25/42348 കാലാവധി : 26/01/2029

പരാമർശം:- 1. സ.ഉ.(സാധാ)നം.340/2025/F&P തീയതി, 22/05/2025.

2. ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ചീഫ് എഞ്ചിനീയറുടെ 07/12/2025-ലെ HECE/1529/2025-D1 നമ്പർ കത്ത്.

<u>ഉത്തരവ് - പുതുക്കിയ എ എസ്</u>

തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്ത് വാർഡ് 15-ൽ ഉൾപ്പെട്ട "വെട്ടുതുറ സെന്റ് ആൻഡ്രൂസ് റോഡ് പുത്തൻതോപ്പ് മുതൽ വടക്കോട്ട് ബീച്ച് റോഡ്" എന്ന പ്രവൃത്തിയ്ക്ക് 46.70 ലക്ഷം രൂപയുടെ ഭരണാനുമതി പരാമർശം (1) പ്രകാരം നൽകി ഉത്തരവായിരുന്നു. എന്നാൽ, ഭരണാനുമതി നൽകി നാളിതുവരെ ടി റോഡ് ഉൾപ്പെടുന്ന ആസ്തി രജിസ്റ്ററിന്റെ പകർപ്പ് പഞ്ചായത്തിൽ നിന്നും ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കൈമാറി ലഭിച്ചിട്ടില്ല. കൂടാതെ, പ്രസ്തുത റോഡ് CRZ പരിധിയിൽ ഉൾപ്പെടുന്നതാണെന്ന് പഞ്ചായത്ത് രേഖാമൂലം അറിയിച്ചതിനാൽ, ടി പ്രവൃത്തിക്ക് തുടർ നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ട്. ആയതിനാൽ, മേൽ റോഡിന് ൽകിയ ഭരണാനുമതി റദ്ദാക്കണമെന്ന് ചീഫ് എഞ്ചിനീയർ പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കഠിനംകുളം ഗ്രാമപഞ്ചായത്തിലെ വാർഡ് 15-ൽ ഉൾപ്പെട്ട "വെട്ടുതുറ സെന്റ് ആൻഡ്രൂസ് റോഡ് പുത്തൻതോപ്പ് മുതൽ വടക്കോട്ട് ബീച്ച് റോഡ്" എന്ന പ്രവൃത്തിയുടെ ഭരണാനുമതി റദ്ദ് ചെയ്ത് ഉത്തരവാകുന്നു.

AS/FSH/25/42348

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 4405-00-103-94-00-00-0-N-V | 1,07,00,000 | AS/FSH/25/42348 | 2028-10-17 |

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ - Revised

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുഴിയം തിട്ടയിൽ റോഡ് അഴൂർ ഗ്രാമപഞ്ചായത്ത് | 21,10,000 |
| 2 | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിക്കര ബീച്ച് റോഡ് കുളത്തൂർ ഗ്രാമപഞ്ചായത്ത് | 44,50,000 |
| 3 | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ ആശുപത്രി കല്ലുവിള റോഡിന്റെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം പ്രസ്തുത റോഡിന്റെ ch. 350 മീറ്റർ മുതൽ Ch. 440 മീറ്റർ വരെ ഇന്റർലോക്ക് റോഡും, Ch. 600 മീറ്ററിൽ നിന്ന് Ch. 840 മീറ്റർ വരെ ഓടയും, സൈഡ് വാളും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി | 41,40,000 |
| ആകെ (ഒരു കോടി ഏഴ് ലക്ഷം രൂപ) | | **1,07,00,000** |

AS/FSH/25/42348

പഴയ എ എസിന്റെ വിവരങ്ങൾ

പ്രവർത്തിയുടെ പേര് / നിർദേശങ്ങൾ

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ കുഴിയം തിട്ടയിൽ റോഡ് അഴൂർ ഗ്രാമപഞ്ചായത്ത് | 21,10,000 |
| 2 | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിക്കര ബീച്ച് റോഡ് കുളത്തൂർ ഗ്രാമപഞ്ചായത്ത് | 44,50,000 |
| 3 | തിരുവനന്തപുരം ജില്ലയിലെ നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ പൊഴിയൂർ ആശുപത്രി കല്ലുവിള റോഡിന്റെ ഭരണാനുമതി റദ്ദ് ചെയ്ത് പകരം പ്രസ്തുത റോഡിന്റെ ch. 350 മീറ്റർ മുതൽ Ch. 440 മീറ്റർ വരെ ഇന്റർലോക്ക് റോഡും, Ch. 600 മീറ്ററിൽ നിന്ന് Ch. 840 മീറ്റർ വരെ ഓടയും, സൈഡ് വാളും ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തി | 41,40,000 |
| 4 | ചിറയിൻകീഴ് നിയോജക മണ്ഡലത്തിലെ വെട്ടുതുറ സെന്റ് ആൻഡ്രൂസ് റോഡ് പുത്തൻതോപ്പ് മുതൽ വടക്കോട്ട് ബീച്ച് റോഡ് ഒന്നാം ഘട്ടം കഠിനംകുളം ഗ്രാമപഞ്ചായത്ത് | 46,70,000 |
| ആകെ (ഒരു കോടി അൻപത്തി മൂന്ന് ലക്ഷത്തിഎഴുപതിനായിരം രൂപ) | | **1,53,70,000** |

3) പരാമർശിത സർക്കാർ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

Fisheries

To

ചീഫ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ, (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം. (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഓർഡർ പ്രകാരം കൈമാറി,

സമീർ കുമാർ ഒ.ജെ

Digitally signed by Sameer Kumar. O. J
Date:06-02-2026 11:13:37

AS/FSH/25/42348